


# ജീവപുസ്തകത്തിൽ പേരുണ്ടോ?

# ജീവപുസ്തകത്തിൽ
# പേരുണ്ടോ?

Published by
**BGM Publications**

# ജീവപുസ്തകത്തിൽ പേരുണ്ടോ?

രോഗം എന്താണെന്ന് മനസ്സിലാക്കാത്തത് കൊണ്ട് ഞാൻ രോഗി അല്ല എന്ന് വരുമോ? വിശപ്പ് ഞാൻ അനുഭവിക്കാത്തതുകൊണ്ട് ലോകത്തിൽ പട്ടിണിയില്ല എന്നു വരുമോ? ദൈവത്തെ അറിയുവാൻ ശ്രമിക്കാത്തത് കൊണ്ട് ദൈവമില്ല എന്ന് വരുമോ? വെളിച്ചത്തിന് മുമ്പിൽ കണ്ണടച്ചതു കൊണ്ട് വെളിച്ചം ഇല്ല എന്നു വരുമോ? ജീവപുസ്തകത്തിൽ പേരെഴുതിയിട്ടില്ലാത്തതുകൊണ്ട് ജീവപുസ്തകം ഇല്ല എന്ന് വരുമോ? നിരാശയും ദുഃഖവും ഭീതിയും യുദ്ധവും ചതിയും മരണവും നിറഞ്ഞ ഈ ലോകത്തിൽ സമാധാനവും, പ്രത്യാശയും ഉള്ള ജീവിതം നയിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്ന ഘടകം എന്റെ പേര് ജീവപുസ്തകത്തിലുണ്ട് എന്ന നിശ്ചയമാണ്. ഒന്നു കൂടി പറഞ്ഞാൽ വിശുദ്ധ ബൈബിളാണ്. ആയതിനാൽ വിശുദ്ധ ബൈബിൾ ആധാരമാക്കി നിങ്ങളുടെ പേർ ജീവപുസ്തകത്തിൽ എങ്ങനെ എഴുതാം എന്നുള്ളത് താങ്കളുമായി പങ്കുവെയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ചെറുപുസ്തകം താങ്കളുടെ ജീവിതം അനുഗ്രഹപ്രദമാക്കും എന്ന് പ്രതീക്ഷിക്കുന്നു.

SJP

# ജീവപുസ്തകത്തിൽ പേരുണ്ടോ?

മരിച്ചവർ അബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്നതു കണ്ടു. പുസ്തകങ്ങൾ തുറന്നു ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു.... ജീവന്റെ പുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി.20,12,15).

മേൽപ്പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം പറയുന്നതിന് മുമ്പായി ഒരു സംഭവം പറയാം. സോമനും അപ്പനും അമ്മയും അടങ്ങുന്ന ഒരു കുടംബം. ഗവൺമെന്റ് ഹോസ്പിറ്റലിന്റെ തൊട്ട് അടുത്തായി താമസിച്ചിരുന്നു. വാർദ്ധക്യത്തിലുള്ള മാതാപിതാക്കൾക്ക് ഏകാശ്രയമായിരുന്നു സോമൻ. സന്തോഷമായി ആ കുടുംബം മുൻപോട്ട് പോയി. ജോലി കഴിഞ്ഞു വന്ന സോമന് ശക്തിയായ വേദന. ഡോക്ടറിനെ കാണാം എന്നു പറഞ്ഞ് സോമൻ ഹോസ്പിറ്റലിൽ പോയി. എന്തുകൊണ്ടോ വേദന അല്പം കുറഞ്ഞു. ഡോക്ടറെ കാണാതെ അന്ന് തിരിച്ചുവന്നു. പിറ്റെ ദിവസം ഹോസ്പിറ്റലിൽ പോയി. എന്നാൽ കൗണ്ടറിൽ ചെന്ന് തന്റെ പേരെഴുതിക്കുന്നതിനോ ഡോക്ടറെ കാണുന്നതിനോ സോമൻ തയ്യാറായില്ല. മോനെ നിന്റെ പേര് രജിസ്റ്ററിൽ എഴുതിയാൽ പിന്നെ നിന്നെ വിളിക്കാം; ഡോക്ടറെ കാണാം, നിനക്ക് മരുന്ന് തരും നിനക്ക് അസുഖത്തിനു കുറവുണ്ടാകും എന്ന് അവർ പല പ്രാവശ്യം അപേക്ഷിച്ചിട്ടും സോമൻ കൂട്ടാക്കിയില്ല. രജിസ്റ്ററിൽ പേരെ

ഴുതിയിട്ട് എനിക്ക് മരുന്നു വേണ്ട ഞാൻ ഹോസ്പിറ്റലിൽ പോകുന്നുണ്ട്, പിന്നെ ഡോക്ടർക്ക് എന്നെ കണ്ടു കൂടെ. പല ദിവസം ഹോസ്പിറ്റലിൽ ചുറ്റിയടിച്ചു നടന്നു. ഒരു ദിവസം ഏകദേശം ഉച്ചയായപ്പോൾ ഹോസ്പിറ്റലിൽ ഡോക്ടർ ഇരിക്കുന്ന സ്ഥലത്തിന് അടുത്തായി സോമൻ മരിച്ചു വീണു. സോമനെ കണ്ടിട്ടുള്ള പലരും വിചാരിച്ചത് അവൻ അവിടത്തെ ജോലിക്കാരനാണ് എന്നാണ്. സോമൻ മരിച്ചത് ഡോക്ടർ ഇല്ലാഞ്ഞിട്ടല്ല, നോക്കുവാൻ മനസ്സില്ലാഞ്ഞിട്ടല്ല, മരുന്ന് ഇല്ലാത്തത് കൊണ്ടല്ല. തന്റെ പേര് രജിസ്റ്ററിൽ എഴുതി ഡോക്ടറിനെ കാണാൻ മനസ്സി ല്ലാഞ്ഞിട്ടാണ്.

വെളിപ്പാട് 20:11-15 വരെയുള്ള വാക്യം നമുക്ക് നോക്കാം. അവിടെ വലിയോരു വെള്ള സിംഹാസനം, ദൈവം ആ സിംഹാസനത്തിൽ ഇരുന്നു. ഭൂമിയും ആകാശവും ഓടി പ്പോയി. മരിച്ചവരായ രക്ഷിക്കപ്പെടാത്ത സകല മനുഷ്യരും ദൈവത്തിന്റെ മുമ്പാകെ നില്ക്കുന്നു. ഈ സിംഹാസനം ന്യായവിധിക്കായുള്ള സിംഹാസനമാണ്. സമുദ്രവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു അങ്ങനെ സകലരെയും വെള്ളസിംഹാസനത്തിൻ മുമ്പിൽ കൂട്ടിവരുത്തി.

അവിടെ പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. ഈ നില്ക്കുന്നവ രുടെ പേര് അതിൽ ഉണ്ടോ എന്നു നോക്കുന്നു. ഈ പുസ്തകത്തിൽ പേരില്ലാത്ത എല്ലാവരെയും തീപ്പൊയ്ക യിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം.

എങ്ങനെ ഈ പുസ്തകത്തിൽ പേര് എഴുതിക്കാം എന്ന് പറയുന്നതിന് മുമ്പായി ഈ പുസ്തകത്തിൽ പേരുണ്ടാ

യിരുന്ന ഒരു 12 വയസ്സുള്ള പെൺകുട്ടിയെക്കുറിച്ച് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ന്യൂയോർക്ക് പട്ടണത്തിൽ ജീവിച്ചിരുന്ന ഒരാളാണ് ജെയിംസ് മിൽട്ടൺ ബ്ലാക്ക്. അദ്ദേഹം വലിയ ഒരു ബിസിനസ്സ് കാരനായിരുന്നു. കൂടാതെ ഒരു സണ്ടേ സ്കൂൾ ടീച്ചറും, സണ്ടേ സ്കൂൾ ടീച്ചർ അസോസിയേഷന്റെ പ്രസിഡന്റും ആയിരുന്നു. തെരുവുകളിൽ പോയി കർത്താവിനെക്കുറിച്ചു പറയുമായിരുന്നു. ഒരു ദിവസം അദ്ദേഹം അങ്ങനെ നടക്കുമ്പോൾ ഒരു ചെറിയ കുടിലിൽ ഇരുന്ന് 12 വയസ്സായ ഒരു പെൺകുട്ടി കരയുന്നത് കണ്ടു. കരയുന്നതിന്റെ കാരണം ചോദിച്ചപ്പോൾ പെൺകുട്ടി പറഞ്ഞു. എനിക്ക് അമ്മയില്ല, അച്ഛൻ മദ്യപാനിയാണ്. സ്കൂളിലും സണ്ടേസ്കൂളിലും പോകുവാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്. പക്ഷെ ഒരു നല്ല ഉടുപ്പോ, ചെരുപ്പോ എനിക്കില്ല. ജെയിംസ് ബ്ലാക്ക് ആ പെൺകുട്ടിക്ക് വസ്ത്രവും ആവശ്യമായ സാധനങ്ങളും കൊടുത്തു. താമസിയാതെ പെൺകുട്ടി സ്കൂളിലും സണ്ടേസ്ക്കൂളിലും പോകുവാൻ തുടങ്ങി. ദിവസങ്ങളും, മാസങ്ങളും കടന്നുപോയി. അന്നു സണ്ടേസ്കൂളിൽ ക്ലാസ്സെടുത്തത് പുറത്തുനിന്നു വന്ന ഒരു മിഷണറിയായിരുന്നു. അദ്ദേഹം കുഞ്ഞുങ്ങളോടു ചോദിച്ചു. കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 തെസ്സ 4:16). പ്രിയ കുഞ്ഞുങ്ങളെ നിങ്ങളിൽ എത്ര പേർ ഈ കർത്താവിനെ എതിരേൽക്കാൻ

കാണും. ഈ 12 വയസ്സുള്ള പെൺകുട്ടി അന്ന് അവളുടെ ഹൃദയം കർത്താവിന് കൊടുത്തു. അവൾ അന്ന് പറഞ്ഞു. ഞാനും കാണും. ദിവസങ്ങൾ കടന്നുപോയി ബ്ലാക്കിന് ബിസിനസ് ആവശ്യങ്ങൾക്കായി മറ്റു രാജ്യങ്ങളിൽ പോകേണ്ടതായി വന്നു. ബ്ലാക്ക് തിരിച്ചു വന്നു. സണ്ടേ സ്കൂളിന്റെ രജിസ്റ്റർ നോക്കി, കുട്ടികളുടെ പേര് വിളിച്ചു. പേര് വിളിച്ചപ്പോൾ കുട്ടിയില്ല. അദ്ദേഹം ആ കുട്ടിയുടെ ഭവനത്തിലേക്കു ചെന്നു. അപ്പോൾ മനസ്സിലായി ഏതാനും ദിവസത്തിനു മുൻപ് പനി കാരണം, മദ്യപാനിയായ പിതാവിന്റെ അശ്രദ്ധ കാരണം കുട്ടി മരിച്ചുപോയി. ബ്ലാക്കിന് വളരെ ദുഃഖം ഉണ്ടായി, അദ്ദേഹം ഭവനത്തിൽ ചെന്നു വളരെ വിഷമിച്ച് ഇരുന്നപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലേക്ക് ഈ വരികൾ ഒഴുകിവന്നു.

When the trumpet of the Lord shall
sound and time shall be no more
And the morning breaks eternal bright and fair
When the saved of earth shall gather over on the other shore
And the roll is called up yonder I'll be there

ഇതിന്റെ മലയാളം നാഗൽ മിഷണറി പരിവർത്തനം ചെയ്തു.

കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ
രക്ഷപെട്ടോരക്കരെ കൂടി ആകാശെ
പേർ വിളിക്കും നേരം കാണും എൻ പേരും

ഓ! ബ്ലാക്കിനു സമാധാനമായി. ഈ ലോകത്തിൽ വെച്ച് കാണാൻ പറ്റിയില്ലെങ്കിൽ ഒരു നാൾ ഇനിയും സ്വർഗ്ഗത്തിൽ വെച്ച് കുഞ്ഞിനെ കാണാമല്ലോ എന്ന് ഓർത്തു സന്തോഷിച്ചു.

# സ്യഷ്ടാവ്

സർവ്വവ്യാപിയും, സർവ്വജ്ഞാനിയും, സർവ്വശക്തിമാനും അൽഫയും ഒമേഗയും ആകുന്നു ദൈവം. ദൈവം ഒന്നുമില്ലായ്കയിൽ നിന്ന് ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു വെളിച്ചം ഉണ്ടായി. ദൈവം തന്റെ വാക്കിനാൽ ആകാശവും ഭൂമിയും സമുദ്രവും ഭൂമിയിലുള്ള സസ്യങ്ങളും മൃഗങ്ങളും പക്ഷികളും സമുദ്രത്തിൽ ജലജന്തുക്കളും ആകാശവിതാനത്തിൽ വെളിച്ചങ്ങൾ, സൂര്യനും, ചന്ദ്രനും നക്ഷത്രങ്ങളും ഒക്കെ ദൈവം സൃഷ്ടിച്ചു. ഇതെല്ലാം തന്റെ വാക്ക് കൊണ്ട്-ഉണ്ടാകട്ടെ എന്നു പറഞ്ഞു, ഉണ്ടായി; നല്ലത് എന്ന് ദൈവം കണ്ടു.

ഇവയെ സൃഷ്ടിച്ചതിനു ശേഷം 6-ാം ദിവസം ദൈവം നിലത്തെ പൊടികൊണ്ട് ദൈവസ്വരൂപത്തിൽ, ത്രിയേക ദൈവത്തിന്റെ സാദൃശ്യപ്രകാരം മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു (ഉല്പത്തി 1:26,27)

മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു ദൈവം മനസ്സിലാക്കി. മനുഷ്യന് ഗാഢനിദ്ര വരുത്തി അവന്റെ വാരിയെല്ലിൽ ഒന്നെടുത്ത് അതിനെ ഒരു സ്ത്രീയാക്കി. അങ്ങനെ ദൈവം മനുഷ്യനു ഒരു തക്ക തുണ ഉണ്ടാക്കി. അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടു വന്നു. മനുഷ്യൻ

അവൾക്ക് നാരിയെന്ന് പേരിട്ടു. അങ്ങനെ ആദ്യമനുഷ്യ രായ ആദാമും ഹവ്വയും ഉണ്ടായി.

ദൈവം മനുഷ്യനെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി വാഴുക. സമുദ്രത്തിന്മേലും, മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു കല്പിച്ചു. ദൈവം ഏദനിൽ ഒരു തോട്ടമുണ്ടാക്കി. താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെയാക്കി. കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലവുമുള്ളതുമായ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻ വൃക്ഷവും ഉണ്ടായിരുന്നു. നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും എന്ന് ദൈവം അവരോട് കല്പിച്ചു.

ദൈവവും മനുഷ്യനുമായിട്ട് നല്ല ബന്ധമുണ്ടായിരുന്നു. ദൈവം അവരോട് കൂടെ നടക്കുമായിരുന്നു. അവരെ സൃഷ്ടിച്ച ദൈവത്തെ ഹവ്വ മറന്നു. പിശാചിനാൽ വഞ്ചിക്കപ്പെട്ട് ചെയ്യരുതെന്ന് കല്പിച്ചതു ചെയ്തു. ഫലം പറിച്ചു തിന്നു; ഭർത്താവിന് കൊടുത്തു. ഭർത്താവും തിന്നു. അനുസരണക്കേടിനാൽ ഇരുവരും പാപികളായി തീർന്നു. അങ്ങനെ മരണത്തിന് അല്ലെങ്കിൽ നരകത്തിന് അധീനരായി. ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. (റോമർ 5:12).

## പാപത്തിന്റെ ശമ്പളം മരണം

ദൈവത്തിന്റെ സിംഹാസനത്തിനു മുൻപിൽ ഓരോരുത്തൻ ചെയ്ത പ്രവൃത്തി അന്ന് വെളിപ്പെടും. അവന്റെ പ്രവൃത്തികൾക്കടുത്ത പ്രതിഫലവും അഥവാ ശമ്പളവും അവനു ലഭിക്കുന്നു. പാപത്തിന്റെ ശമ്പളം മരണം അഥവാ നരകം (റോമർ 6:23). പാപം ചെയ്യുന്ന ദേഹി മരിക്കും (യെഹ.18:4). ഇവിടെയെല്ലാം മനുഷ്യന്റെ ശരീര മരണത്തെയല്ലാ, ആത്മാവിന്റെ മരണത്തെയാണ് പറഞ്ഞിരിക്കുന്നത്. ഒരു വ്യത്യാസമില്ല. എല്ലാവരും പാപം ചെയ്തു. ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു. നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല, നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി, സർപ്പ വിഷം അവരുടെ അധരങ്ങൾക്ക് കീഴെ ഉണ്ട് (റോമർ 3:10–12). എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നു. പാപികൾക്കുള്ള സ്ഥാനം നരകം. നരകത്തെക്കുറിച്ച് ബൈബിൾ പറയുന്നത് ഇപ്രകാരമാണ്- അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നുമില്ല (മർക്കൊസ് 9:48). എത്ര ഭയാനകമായ ഒരവസ്ഥയാണ് പാപിയ്ക്ക്. ഈ ഭയാനകമായ അവസ്ഥയിൽ നിന്ന് അവന് സ്വയം വിടുതൽ പ്രാപിക്കുവാൻ സാദ്ധ്യമല്ല. കാരണം അവൻ പാപിയാണ്. ദൈവതേജസ്സ് നഷ്ടപ്പെട്ടവനാണ്. ഒരിക്കൽ അവനെ ദൈവസ്വരൂപത്തിൽ ദൈവത്തിന്റെ സാദൃ

ശ്യപ്രകാരം ദൈവത്തിന്റെ മൂക്കിന്റെ ശ്വാസത്താൽ ഉണ്ടാക്കിയവനാണ്. എന്നാൽ പാപം മുഖാന്തരം ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടു. ദൈവതേജസ്സ് ഇല്ലാത്തവനായി. ഈ അവസ്ഥയിലുള്ള മനുഷ്യനെ നിത്യനരകത്തിന്റെ ശിക്ഷാവിധിയിൽ നിന്ന് ആർ വിടുവിക്കും?

# രക്ഷിതാവായ യേശുക്രിസ്തു

ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിലേക്ക് വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ (1 തിമൊ.1:15). യേശു രക്ഷിതാവായി ലോകത്തിലേക്ക് വരുന്നത് സംബന്ധിച്ച് അനേകം വർഷങ്ങൾക്കു മുൻപു യെശയ്യാ പ്രവാചകൻ പറഞ്ഞു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും. (യെശയ്യാവ് 7:14) നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും, അവന് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്ന് പേർ വിളിക്കപ്പെടും. റോമ സാമ്രാജ്യത്തിൽ രണ്ടായിരം വർഷങ്ങൾക്ക് മുൻപ് അഗസ്റ്റസ് സീസറിന്റെ വാഴ്ച സമയത്തു നസറെത്ത് എന്ന ഗലീല പട്ടണത്തിൽ ദൈവത്തിന്റെ ദൂതനായ ഗബ്രിയേൽ യോസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ട മറിയ എന്ന കന്യകയ്ക്ക് പ്രത്യക്ഷനായി. അവളോട് കൃപ ലഭിച്ചവളെ നിനക്ക് വന്ദനം, കർത്താവ് നിന്നോട് കൂടെയുണ്ട്. പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും. നീ ഗർഭം ധരിച്ച് വിശുദ്ധ പ്രജയെ പ്രസവിക്കും. നീ അവന് യേശു എന്ന് പേർ ഇടേണം. അവൻ അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. (ലൂക്കോസ് 1:26-35). യോസേഫ് അവളെ ഗൂഢ

മായി ഉപേക്ഷിപ്പാൻ ഭാവിച്ചു. കർത്താവിന്റെ ദൂതൻ അവന് പ്രത്യക്ഷനായി പറഞ്ഞു. നിന്റെ ഭാര്യയെ ചേർത്തു കൊൾവാൻ ശങ്കിക്കേണ്ട, അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്ക കൊണ്ട് നീ അവന് യേശു എന്ന പേർ ഇടേണം. (മത്തായി 1:22).

യെഹൂദ്യയിലെ ബേത്ലെഹം എന്ന പട്ടണത്തിൽ ഒരു വഴിയമ്പലത്തിൽ ജനിച്ചു. അവനെ ഒരു കാലിത്തൊഴിൽ കിടത്തി. യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു. വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സു പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു.

യേശു അനേകം അത്ഭുതങ്ങൾ ചെയ്തു. കുരുടരെ കാണുമാറാക്കി. ഭൂതഗ്രസ്തരെ സൗഖ്യമാക്കി. ചെകിടരെ കേൾക്കുമാറാക്കി. രക്തസ്രാവക്കാരിയെ സൗഖ്യമാക്കി, മരിച്ചവരെ ഉയിർപ്പിച്ചു. മരിച്ചു നാറ്റം വച്ച അവസ്ഥയിലായിരുന്ന ലാസറെ ഉയിർപ്പിച്ചു. അനേകം പാപികളെ അവരുടെ പാപരോഗത്തിൽ നിന്ന് രക്ഷിച്ചു. അങ്ങനെ യേശു തിരുവെഴുത്തുകളിൻ പ്രകാരം വന്നു. എന്നാൽ യേശു വന്നതിന്റെ ഉദ്ദേശം യെഹൂദരെ - ലോകത്തെ പാപശിക്ഷയിൽ നിന്ന് രക്ഷിക്കുവാനാണ്.

# യേശുക്രിസ്തുവിന്റെ ക്രൂശീകരണം

ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവ കൃപയും ഏക മനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപ യാലുള്ള ദാനവും അനേകർക്ക് വേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു. ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വന്നു എങ്കിൽ കൃപയുടെ നീതിദാന ത്തിന്റെ സമൃദ്ധി ലഭിപ്പിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ജീവനിൽ വാഴും (റോമർ 5:17–18).

യേശുക്രിസ്തു ക്രൂശിൽ മനുഷ്യർക്ക് വേണ്ടി, ഒരു യാഗ മായിത്തീർന്നു. "ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹന്നാൻ 1:29). നാം പാപം സംബന്ധിച്ചു മരിച്ച് നീതിക്കു വേണ്ടി ജീവിക്കേണ്ടതിന് യേശുക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിൽ മരിച്ചു. (1 പത്രൊ. 2:24). നമ്മുടെ പാപമെല്ലാം യേശു ചുമന്നു. നമ്മുടെ പാപങ്ങളും അകൃ ത്യങ്ങളും അവൻ തന്റെ ശരീരത്തിൽ വഹിച്ചു. പാപം അറി യാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേ ണ്ടതിന് അവൻ നമുക്ക് വേണ്ടി പാപം ആയി (2 കൊരി 5:21) . അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു (യെ ശയ്യ 53:4). അതെ, യേശുകർത്താവ് നമ്മുടെ പാപത്തിന്റെ

ശിക്ഷ തന്റെ ശരീരത്തിൻമേൽ വഹിച്ചു. നമ്മുടെ കർത്താവ് നമ്മുക്ക് വേണ്ടി പ്രാണ വേദനയിലായി. അവന്റെ വിയർപ്പു നിലത്തു വീഴുന്ന ചോരത്തുള്ളിപോലെയായി. യെഹൂദന്മാരും മഹാപുരോഹിതന്മാരും അവനെ തള്ളിപ്പറഞ്ഞു. അവന്റെ കൂടെ നടന്ന ശിഷ്യൻ യൂദാസും അവനെ ഒറ്റികൊടുത്തു. റോമപടയാളികൾ അവന്റെ കണ്ണ് കെട്ടി പരിഹസിച്ചു. മുള്ളു കൊണ്ട് ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ച് കോൽ കൊണ്ട് അവന്റെ തലയിൽ അടിച്ചു. അവന്റെ ഓമനമുഖത്തു അവർ തുപ്പി. അങ്ങനെ അവനെ പരിഹസിച്ച് തീർന്നശേഷം അവനെ ക്രൂശിച്ചു. (മത്തായി. 27:27-31.). അങ്ങനെ അവന്റെ രൂപം കണ്ടാൽ ആളല്ലാ എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നു തോന്നുമാറു അവനെ വിരൂപമാക്കി. കർത്താവ് നമ്മുടെ പാപത്തിന്റെ ശിക്ഷ അവന്റെ മേൽ ആക്കി.

യേശുക്രിസ്തു നമ്മുക്ക് വേണ്ടി ഒരു സമ്പൂർണ്ണയാഗമായി തീർന്നതിനാൽ ഇനി മനുഷ്യൻ പാപം ചുമന്ന് പാപത്തിൽ മരിക്കേണ്ട ആവശ്യമില്ല. രക്ഷാമാർഗ്ഗം അവൻ ക്രൂശിൽ നിവർത്തിച്ചു.

## ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ്പ്

ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു, ശിഷ്യന്മാർക്കു പല തവണ പ്രത്യക്ഷമായി അവരോട് പറഞ്ഞു നിങ്ങൾക്ക് സമാധാനം. ഞാൻ പോകുന്നു; കാര്യസ്ഥനെ അയയ്ക്കാം. ക്രിസ്തു പാപങ്ങൾക്ക് വേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നു കൊണ്ടു തന്റെ ശത്രുക്കൾ പാദപീഠം ആകുവോളം കാത്തിരിക്കുന്നു. (എബ്രായർ 10:12).

മരിച്ചു മൺമറഞ്ഞ ഒരു വ്യക്തിയല്ല. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് നമുക്ക് വേണ്ടി പിതാവിന്റെ സന്നിധിയിൽ അവൻ പക്ഷപാദം ചെയ്തുകൊണ്ടിരിക്കുന്നു. "ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ (1 തിമൊ.2:56).

### ആത്മരക്ഷ

യേശുക്രിസ്തു വന്നത് നമ്മുടെ പാപങ്ങൾക്ക് പരിഹാരത്തിനായിരുന്നു എന്ന് നാം മനസ്സിലാക്കി. ആത്മരക്ഷ നമ്മുടെ പ്രവൃത്തിയാൽ ലഭിക്കുന്നതല്ല, അത് വിശ്വാസത്താൽ യേശുക്രിസ്തുവിന്റെ കൃപയാൽ മാത്രമാണ്. കൃപ

യാലല്ലോ, നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനു നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രെയാകുന്നു (എഫെ. 2:8,9). എന്നുവെച്ചാൽ യാതൊരു രീതിയിലും അർഹിക്കുവാൻ, കിട്ടുവാൻ സാധിക്കാത്ത കാര്യം കൃപയാൽ നാം ഒരു കൈ നീട്ടി പ്രാപിക്കുന്നതാണ് രക്ഷ. ചുരുക്കിപ്പറഞ്ഞാൽ, ഒരു ഭിക്ഷക്കാരൻ ഒരു ഭവനത്തിൽ ചെന്ന് കൈനീട്ടുമ്പോൾ അവനു ഭിക്ഷ ലഭിക്കുന്നു. മനുഷ്യൻ അർഹിക്കാത്ത വലിയ രക്ഷ കർത്താവിന്റെ അടുക്കൽ ചെന്നു വിശ്വാസത്തോടെ കൈനീട്ടുമ്പോൾ കർത്താവ് ദാനമായി തരുന്നു.

## നാം എന്തു ചെയ്യേണം

ഒന്നാമതായി നാം മാനസാന്തരപ്പെടണം. (മത്തായി 4:17). പാപങ്ങളെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കണം. രണ്ടാമതായി, നാം ക്രിസ്തുവിനെ വിശ്വസിക്കേണം. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. എന്നുവച്ചാൽ എന്റെ പാപങ്ങൾക്ക് വേണ്ടി കർത്താവ് ഈ ലോകത്തിൽ വന്നു എന്ന് വിശ്വസിക്കുമ്പോൾ അവനെ ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ നാം ദൈവത്തിന്റെ മക്കളായി തീരും.

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). ദൈവം നമ്മെ ഇത്രയ്ക്ക് സ്നേഹിച്ചതുകൊണ്ട് തന്റെ പുത്രനെ തരുവാൻ പ്രസാദിച്ചതുകൊണ്ടു ഇത്ര വലിയ രക്ഷ നമുക്ക് ദാനമായി ലഭിക്കുന്നു. നമുക്ക് ദാനമായി രക്ഷ നൽകുവാൻ ദൈവം വലിയ വില കൊടുത്തു.

## ഏറ്റുപറയുക/ തീരുമാനമെടുക്കുക

യേശുവിനെ കർത്താവ് എന്ന് വായ് കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ

നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ് കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യുന്നു. (റോമർ 10:9,10)

പാപിയാണെന്ന ബോധ്യവും ആത്മരക്ഷയ്ക്കുള്ള ആത്മാർത്ഥമായ ആഗ്രഹവും യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ അതു ദാനമായി ലഭിക്കുമെന്ന ബോധ്യവും താങ്കൾക്കുണ്ടെങ്കിൽ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുക, നാളെയാകാം, പ്രായം കുറച്ചു കൂടി ആകട്ടെ, ജീവിതം സ്വല്പം കൂടി ആസ്വദിച്ചിട്ട് മതി എന്നു വിചാരിക്കരുത്.

വചനം പറയുന്നു- ഇപ്പോൾ ആകുന്നു രക്ഷാദിവസം ഇപ്പോൾ ആകുന്നു സുപ്രസാദകാലം. ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.

അവനിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല. വിശ്വസിക്കാത്തവനോ ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. (യോഹ. 3:18). പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു. (യോഹ 3:36).

അതെ, നാം പാപങ്ങളെ ഏറ്റുപറഞ്ഞു ദൈവത്തെ ഏകകർത്താവും ഏക രക്ഷകനുമായി സ്വീകരിക്കുമ്പോൾ നാം രക്ഷിക്കപ്പെടും. നാം ദൈവമക്കളാകും, നിത്യജീവന് അവകാശികളാകും, നമ്മുടെ പേര് ജീവപുസ്തകത്തിൽ എഴുതും. മാത്രമല്ല കാര്യസ്ഥനായ പരിശുദ്ധാത്മാവ് നമ്മ

ളിൽ വസിക്കും. ഈ കർത്താവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുവാൻ ആഗ്രഹം ഉണ്ടെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുക. യേശുകർത്താവെ ഞാൻ ഒരു പാപിയാണ്. അങ്ങ് എന്റെ പാപങ്ങൾ പരിഹരിക്കുവാൻ എനിക്കു വേണ്ടി ക്രൂശിൽ മരിച്ചു ഉയിർത്തെഴുന്നേറ്റ് ഇന്ന് സ്വർഗ്ഗത്തിൽ ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ എന്നോടു ക്ഷമിക്കേണമേ. അങ്ങയെ ഞാൻ ഇപ്പോൾ എന്റെ ഏകരക്ഷകനും കർത്താവുമായി സ്വീകരിക്കുന്നു. ഇനിയുള്ള കാലം അവിടുത്തെ ഇഷ്ടം പോലെ ജീവിക്കുവാൻ ഞാൻ എന്നെ തന്നെ സമർപ്പിച്ചിരിക്കുന്നു. കർത്താവെ അങ്ങ് പാപങ്ങൾ ക്ഷമിച്ചതുകൊണ്ടു ഞാൻ അങ്ങയെ വാഴ്ത്തുന്നു. എന്നെ അങ്ങയുടെ മകനാക്കിയതുകൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്റെ പേര് അങ്ങയുടെ ജീവപുസ്തകത്തിൽ എഴുതിയതു കൊണ്ടു അങ്ങയെ സ്തുതിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നു. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞു പോയി. ഇതാ അതു പുതുതായിത്തീർന്നിരിക്കുന്നു. (2 കൊരിന്ത്യർ 5:17).

## രക്ഷ നഷ്ടപ്പെടുമോ?

രക്ഷിക്കപ്പെട്ടതിനു ശേഷം ജീവിതത്തിൽ കുറവുകൾ വന്നാൽ രക്ഷ നഷ്ടപ്പെടുമോ എന്ന ചിന്ത മാനുഷികമായി പലരിലുമുണ്ടാകാം. ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധി ച്ചാൽ ഈ വിഷയം എളുപ്പത്തിൽ ഗ്രഹിക്കാം.

1. രക്ഷ ഭദ്രമാണ്. കാരണം രക്ഷ ദൈവത്തിന്റെ ദാനമാണ്. ദാനം കൊടുത്തത് തിരിച്ചു മേടിക്കുന്ന വ്യക്തിയല്ലല്ലോ ദൈവം (എഫെ. 2:8).
2. ആര് യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവു മായി വിശ്വാസത്താൽ സ്വീകരിക്കുന്നുവോ ആ വ്യക്തി ദൈവത്തിന്റെ മകനായിത്തീരും. അതു ജന്മാവകാശ മാണ് (യോഹ.1:12).
3. രക്ഷിക്കപ്പെടുന്ന വ്യക്തി നിത്യജീവന് അവകാശിയാ കുന്നു. നിത്യജീവൻ എന്നതു തന്നെ ഒരു നാളും നശി ക്കാത്തത് എന്ന സന്ദേശമാണ് നമുക്ക് നൽകുന്നത്. (യോഹന്നാൻ 3:16).
4. രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ പരിശുദ്ധാത്മാവ് എന്ന ആദ്യദാനം ലഭിക്കുന്നു. (റോമർ 8:23).
5. വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല എന്ന് വചനം പറ യുന്നു. (യോഹ.5:24).
6. കർത്താവിന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കാൻ ആർക്കും കഴിയില്ല. നാം സർവ്വശക്തനായ കർത്താ വിന്റെ കയ്യിൽ സുരക്ഷിതരാണ് (യോഹ 10:28).

അതുകൊണ്ട് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും ഭാഗ്യവാനാണ്. രക്ഷ നഷ്ടപ്പെടുന്നത് കൊണ്ടല്ല, നാം സർവ്വശക്തനായ ദൈവത്തിന്റെ മക്കളായതുകൊണ്ട് പിതാവിന്റെ ഇഷ്ടപ്രകാരം, താൻ വിശുദ്ധനാകയാൽ വിശുദ്ധരായി ജീവിക്കുവാൻ ശ്രമിക്കാം. നമുക്ക് ലഭിച്ച വിളിക്കും ഭാഗ്യപദവിക്കും അനുസരിച്ച് ദൈവനാമ മഹത്വത്തിനായി ജീവിക്കാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.

## ജനിതകശാസത്രജ്ഞൻ വിശ്വാസിയോ?

ജനിതക ശാസ്ത്രത്തിന്റെ പുരോഗതി മനുഷ്യോൽപ്പത്തിയെക്കുറിച്ച് ഏറെ വിജ്ഞാനം പകർന്നു. ജീനുകളുടെ ഘടനയെക്കുറിച്ചുള്ള പഠനത്തിന്റെ മേഖലയിൽ വിലപ്പെട്ട സംഭാവന നൽകയിട്ടുള്ള ഡോ. ഫ്രാൻസീസ് കോളിൻസ് ഒരു ദൈവമകനായിരുന്നു. ദൈവമാണ് ഏറ്റവും വലിയ ശാസത്രജ്ഞൻ എന്ന് പ്രപഞ്ചം തന്നെ വെളിപ്പെടുത്തുന്നു. ഡോ. ഫ്രാൻസീസ് കോളിൻസിനെ അമേരിക്കൻ പ്രസിഡന്റായിരുന്ന ബിൽ ക്ലിന്റൺ പ്രശംസിച്ചു.

കോളിൻസ് ചെറുപ്പത്തിൽ ഒരു ദൈവവിശ്വാസി അല്ലായിരുന്നു. മാതാപിതാക്കൾ ദൈവത്തെ ആരാധിക്കുവാൻ പോകുന്നത് പുച്ഛമായിരുന്നു. അപ്പന്റെയോ അമ്മയുടെയോ വിശ്വാസം അവനില്ലായിരുന്നു.

ബാല്യത്തിൽ തന്നെ ശാസ്ത്രീയ വിഷയത്തിൽ തല്പരനായിരുന്നു. 24-ാം വയസ്സിൽ yale യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിസിക്കൽ കെമിസ്ട്രിയിൽ പി.എച്ച്.ഡി കരസ്ഥമാക്കി. അതിനുശേഷം മെഡിക്കൽ സയൻസിലും ഡോക്ടറേറ്റ് കരസ്ഥമാക്കി. ശാസ്ത്രത്തിന് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാൻ സാധിക്കും എന്ന് ഡോ. കോളിൻസ് ഉറച്ചു വിശ്വസിച്ചു. ഒരു ദിവസം മെഡിക്കൽ സൊസൈറ്റിയിൽ അംഗമാകാൻ അതിന്റെ പ്രവർത്തകർ ക്ഷണിച്ചപ്പോൾ പരമപുച്ഛത്തോടെ അത് അദ്ദേഹം നിരസിച്ചു.

കുറച്ചു കഴിഞ്ഞു അദ്ദേഹം ഹോസ്പിറ്റലിൽ രോഗികളുമായി ഇടപെടേണ്ടി വന്നു. ഒരു ക്യാൻസർ രോഗിയോട് താൻ മരണാസന്നനാണെന്ന് പറഞ്ഞപ്പോൾ പരിഭ്രാന്തിയോ ഉത്കണ്ഠയോ പ്രകടിപ്പിക്കാതെ എന്റെ കർത്താവ് അവിടത്തെ കരങ്ങളിൽ എന്നെ ചേർത്തുകൊള്ളും എന്ന് രോഗി ധൈര്യത്തോടെ പറഞ്ഞത് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി.

മറ്റൊരു രോഗി 60 വയസ്സുള്ള ജെസ്സി ഒരു ഹൃദ് രോഗിയാണ്. ശസ്ത്രക്രിയ സാദ്ധ്യമല്ല. അവർക്ക് അതിവേദനയും ഉണ്ട്. ഡോക്ടർക്ക് ഒന്നും ചെയ്യുവാനും സാധിക്കുന്നില്ല. ജെസ്സി ഡോക്ടറോട് ചോദിച്ചു. ഡോക്ടർ എന്തുകൊണ്ടാണ് ഇങ്ങനെ ഉത്കണ്ഠാകുലനായിരിക്കുന്നത്? ഡോക്ടർ പറഞ്ഞു എനിക്കിനി താങ്കൾക്ക് മരുന്നും ഒന്നും തരുവാനില്ല. അപ്പോൾ ജെസ്സി പ്രാർത്ഥിച്ചു പ്രിയപ്പെട്ട യേശുകർത്താവെ അങ്ങ് എന്നെ അങ്ങയുടെ അടുക്കൽ ചേർത്തുകൊള്ളണമെ. അല്ലെങ്കിൽ എന്റെ വേദന മാറ്റേണമേ. അവളുടെ വേദന ശമിച്ചപ്പോൾ അവൾ ഡോക്ടറോട് ചോദിച്ചു Let me ask you a question I belive Jesus Christ as my Saviour. What is your belief?

ഇത് ഡോക്ടറിനെ ചിന്തിപ്പിച്ചു. എന്റെ ഗവേഷണത്തിൽ ഞാൻ ദൈവത്തെ കണ്ടെത്താൻ ശ്രമിച്ചില്ല എന്നുള്ളതുകൊണ്ട് ദൈവം ഇല്ലെന്നുവരുമോ? സൂര്യന്റെ നേരെ കണ്ണടച്ച് ഇരുട്ടാക്കിയാൽ സൂര്യൻ ഇല്ലാതെ ആകുമോ. 28-ാം വയസ്സിൽ അദ്ദേഹം യേശുക്രിസ്തുവിൽ ഗാഢമായി വിശ്വാസത്തിൽ വന്നെത്തി. ഡി.എൻ.എ. യെക്കുറിച്ചു കണ്ടുപിടുത്തങ്ങൾ ദൈവത്തിലുള്ള തന്റെ വിശ്വാസത്തെ ബലപ്പെടുത്തി.

വിശ്വാസവും ശാസ്ത്രവും ബന്ധപ്പെട്ടു നിൽക്കുമോ എന്ന വിഷയത്തെ ആസ്പദമാക്കി ഹാർഡ് വാർഡ് യൂണിവേഴ്സിറ്റിയിൽ അദ്ദേഹം ഒരു പ്രഭാഷണപരമ്പര നടത്തി. ഒരു ജനിതക ശാസ്ത്രജ്ഞൻ വിശ്വാസിയാകുമോ എന്ന ജനങ്ങളുടെ ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞു. ആകും കാരണം ദൈവമാണ് ഏറ്റവും വലിയ ശാസ്ത്രജ്ഞൻ എന്ന് തന്റെ സൃഷ്ടിയായ പ്രപഞ്ചത്തിൽ കൂടി വെളിപ്പെടുത്തിയിരിക്കുന്നു.

Logos, P.B. No. 11, Mulanthuruthy
Ernakulam - 682 314

# ജീവപുസ്തകത്തിൽ പേരുണ്ടോ?

കംപ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും യുഗത്തിലാണ് നാം ജീവിക്കുന്നതെങ്കിലും പുസ്തകം, രജിസ്റ്റർ എന്നിവ നമ്മിൽ നിന്ന് അകന്നു പോയിട്ടില്ല. പുസ്തകം എന്ന വാക്ക് കേട്ടിട്ടില്ലാത്തവരാരും ഈ കംപ്യൂട്ടർ യുഗത്തിലും ഉണ്ടായിരിക്കുകയില്ല. എന്നാൽ ജീവ പുസ്തകം എന്നൊരു പുസ്തകം ഉണ്ടോ? ആ പുസ്തകത്തെക്കുറിച്ച് എവിടെയാണ് പറഞ്ഞിരിക്കുന്നത്? ആ പുസ്തകത്തിൽ എന്റെ പേര് എഴുതുവാൻ സാധിക്കുമോ? ജീവപുസ്തകം എന്നൊരു പുസ്തകം ഉണ്ട്. അത് എവിടെ എന്നും അതിൽ പേര് ചേർക്കുന്നത് എങ്ങനെയെന്നും അറിയാൻ ഈ പുസ്തകം വായിച്ചു നോക്കിയാലും.

SJP

Brethren Gospel Ministries

Design and Layout: Logos Media